(By Spl. Messenger)

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - ധനകാര്യ വകുപ്പിലെ അസിസ്റ്റന്റ് ശ്രീമതി. രശ്മി. കെ. ആർ -നും എറണാകുളം അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ അസിസ്റ്റന്റായ ശ്രീമതി.റാണി. എസ് -നും പരസ്പരസമ്മതത്തോടു കൂടിയുള്ള അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (ഭരണം - എ) വകുപ്പ്**

**സ.ഉ.(കൈ) നം.512/2017/ധന** **തീയതി, തിരുവനന്തപുരം 24.11.2017**

---

പരാമർശം : -1) 02/11/2017 ലെ അഡ്വക്കേറ്റ് ജനറൽ, കേരള യുടെ എ.ഡി.എ 1-39132/2017 നം. കത്ത്.

2) 30/10/2017 ലെ ശ്രീമതി.രശ്മി.കെ. ആർ, അസിസ്റ്റന്റിന്റെ അപേക്ഷ.

3) 02/01/1961 ലെ സ.ഉ.(കൈ) നം. 4/1961/പി.ഡി

4) 06/02/2013 ലെ സ.ഉ (പി) നം.05/2013/ഉ.പ.ഭ.വ

5) 28/04/2007 ലെ സ.ഉ.(കൈ) നം 334/2007/ധന

**ഉത്തരവ്**

എറണാകുളം അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ അസിസ്റ്റന്റായ ശ്രീമതി. റാണി. എസ് -ന് ധനകാര്യ വകുപ്പിലെ അസിസ്റ്റന്റ് ശ്രീമതി. രശ്മി. കെ.ആർ - ഉം ആയി പരസ്പരസമ്മതത്തോടു കൂടിയുള്ള അന്തർവകുപ്പ് സ്ഥലംമാറ്റം ലഭിക്കുന്നതിന് പരാമർശം (1) പ്രകാരം അഡ്വക്കേറ്റ് ജനറൽ, കേരള ലഭ്യമാക്കിയിട്ടുള്ള അപേക്ഷയും ധനകാര്യ വകുപ്പിലെ അസിസ്റ്റന്റ് ശ്രീമതി. രശ്മി. കെ. ആർ, ശ്രീമതി. റാണി. എസ് ഉം ആയി പരസ്പരസമ്മതത്തോടു കൂടിയുള്ള അന്തർവകുപ്പ് സ്ഥലംമാറ്റം ലഭിക്കുന്നതിന് സമർപ്പിച്ച പരാമർശം (2) അപേക്ഷയും സർക്കാർ വിശദമായി പരിശോധിച്ചു.

പരാമർശം (3), (5) ഉത്തരവുകൾ പ്രകാരമുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും അന്തർവകുപ്പ് സ്ഥലംമാറ്റം ലഭിക്കുന്നവർക്ക് ശമ്പളം ഉയർത്തി ലഭിക്കുന്നതിനോ ശമ്പളസംരക്ഷണം ലഭിക്കുന്നതിനോ അർഹത ഉണ്ടായിരിക്കുന്നതല്ലെന്ന പരാമർശം (4) ഉത്തരവിലെ വ്യവസ്ഥയ്ക്ക് വിധേയമായും എറണാകുളം അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ അസിസ്റ്റന്റായ ശ്രീമതി.റാണി. എസ് -നും ധനകാര്യ വകുപ്പിലെ അസിസ്റ്റന്റ് ശ്രീമതി. രശ്മി. കെ.ആർ -നും പരസ്പരസമ്മതത്തോടു കൂടിയുള്ള അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**മിനി വി.ആർ.**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ. എസ്.എ) കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
ശ്രീമതി. റാണി. എസ്, അസിസ്റ്റന്റ്, അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം, എറണാകുളം.
ശ്രീമതി. രശ്മി. കെ. ആർ, അസിസ്റ്റന്റ്, ധനകാര്യ വകുപ്പ്.
ധനകാര്യ (അക്കൗണ്ട്സ് എ/ ബി, എസ്.എസ്) വകുപ്പ്.
നോഡൽ ഓഫീസർ , www.finance.kerala.gov.in
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ